**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 418** **28-06-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ അനുവദിച്ച സ്കൂളുകൾ അടക്കമുള്ള കെട്ടിടങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവ പരിശോധിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയക്രമം പാലിച്ചു നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം എസ്.പി.വിയ്ക്കും എസ്.പി.വി യെ നിയമിക്കുന്ന ഭരണ വകുപ്പുകൾക്കും ആണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ക്വാളിറ്റി ടെസ്റ്റുകളും കിഫ്ബി നിർദേശിക്കുന്നുണ്ട്. ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്.<br>പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നിർദ്ദേശങ്ങൾ ഉടൻ തന്നെ എസ്.പി.വി യ്ക്ക് നൽകാറുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടങ്ങൾക്ക് ഉണ്ടാകുന്ന വിള്ളലുകൾ, ചോർച്ച എന്നിവ പരിഹരിക്കുന്നതിന് കരാറുകാരനിൽ നിശ്ചിത വർഷം ഡി.എൽ.പി. ബാധ്യത ബാധകമാക്കിയിട്ടുണ്ടോ; | (ബി) | സർക്കാർ ഉത്തരവ് നം.(പി) 161/2019/ധന തീയതി 25.11.2019 പ്രകാരം വിവിധ പ്രവൃത്തികൾക്ക് നിഷ്കർഷിക്കുന്ന ഡി.എൽ.പി. കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾക്കും ബാധകമാണ്. |
| (സി) | ഭാവിയിൽ പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് കിഫ്ബിയിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലങ്കിൽ ഇവയുടെ മെയിന്റനൻസ് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറുമോ; | (സി) | കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ് പി വി അതതു ഭരണ വകുപ്പുകൾക്ക് കൈമാറുന്നതാണ്. മെയിന്റനൻസ് ജോലി ആർക്കാണ് നൽകുന്നതെന്ന് അതതു ഭരണ വകുപ്പുകൾ ആണ് തീരുമാനിക്കുന്നത്. |
| (ഡി) | പണിത കെട്ടിടങ്ങളിൽ ഡി.പി.ആർ. അനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്തു എന്ന് ഉറപ്പ് | (ഡി) | പണിത കെട്ടിടങ്ങളിൽ ഡി.പി.ആർ അനുസരിച്ചുള്ള പ്രവർത്തികൾ ചെയ്തു എന്ന് ഉറപ്പ് വരുത്തുന്നതിന് കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പതിവ് |

| | | | |
|---|---|---|---|
| | വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | | പരിശോധനകൾക്ക് പുറമേ എസ്.പി.വി.കൾ അറിയിക്കുന്ന വ്യതിയാനങ്ങൾ പരിശോധിക്കുകയും പ്രൊജക്റ്റ് കംപ്ലീഷൻ പരിശോധനകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ